**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3164** **26-06-2024 - ൽ മറുപടിയ്ക്ക്**

**റോഡുകളിലെ മഴക്കാലപൂർവ്വ ശുചീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. രമ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | മഴക്കാലപൂർവ്വ ശുചീകരണത്തിന്റെ ഭാഗമായി പ്രധാന റോഡുകളിലെ ഓടകൾ വൃത്തിയാക്കുന്ന ചുമതല പൊതുമരാമത്ത് വകുപ്പിനാണോ ; | (എ) | പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള ഓടകൾ വൃത്തിയാക്കുന്ന ചുമതലയാണ് വകുപ്പിനുള്ളത്. |
| (ബി) | ഓടകൾ വൃത്തിയാക്കുന്ന കാര്യത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ ഇടപെടൽ ഫലപ്രദമായിരുന്നില്ലെന്നും മഴക്കാലത്തിനു മുൻപായി ഇവ പൂർത്തീകരിക്കാൻ വകുപ്പിന് കഴിഞ്ഞിട്ടില്ലെന്നുമുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഓടകൾ വൃത്തിയാക്കുന്ന ജോലി പ്രീമൺസൂൺ പ്രവൃത്തികൾ/റണ്ണിംഗ് കോൺട്രാക്ട് പ്രവൃത്തികൾ മുഖേന കാര്യക്ഷമമായി തന്നെ നടപ്പിൽ വരുത്താൻ സാധിച്ചിട്ടുണ്ട്. അടിയന്തിര ഘട്ടങ്ങളിൽ റണ്ണിംഗ് കോൺട്രാക്ടിൽ ഉൾപ്പെടുത്തിയും നിലവിലുള്ള പ്രവൃത്തികളിൽ ഉൾപ്പെടുത്തിയും ഓട വൃത്തിയാക്കുന്ന പ്രവൃത്തി നടത്തിയിട്ടുണ്ട്. |
| (സി) | മഴക്കാലപൂർവ്വ ശുചീകരണങ്ങളുടെ ഭാഗമായി എന്തെല്ലാം പ്രവർത്തനങ്ങളാണ് സാധാരണയായി പൊതുമരാമത്ത് വകുപ്പ് നിർവഹിക്കാറുള്ളത്; | (സി) | **നിരത്ത് വിഭാഗം /നിരത്ത് പരിപാലന വിഭാഗം**<br><br>മഴക്കാല പൂർവ്വ ശുചീകരണങ്ങളുടെ ഭാഗമായി Premonsoon works, Running Contract എന്നീ പ്രവൃത്തികളിൽ ഉൾപ്പെടുത്തി ചുവടെ ചേർക്കുന്ന ഇനങ്ങൾ നടപ്പിലാക്കി വരുന്നു.<br><br>a. കാനകൾ, ഓടകൾ എന്നിവയിലെ മാലിന്യങ്ങൾ നീക്കി നീരൊഴുക്ക് സുഗമമാക്കുക<br><br>b. അപകടാവസ്ഥയിലുള്ള മരങ്ങൾ / ചില്ലകൾ മുറിച്ചു മാറ്റുക<br><br>c. അപകട സാധ്യതയുള്ള മേഖലകളിലുള്ള കാനകൾ/ ഓടകൾ തുടങ്ങിയവയുടെ മൂടികൾ സ്ഥാപിക്കുക, ഓടകളുടെ അറ്റകുറ്റപണി എന്നിവ<br><br>d. അപകട സാധ്യതയുള്ള കുഴികൾ മൂടുക<br><br>e. റോഡിന്റെ വശങ്ങളിൽ അടിഞ്ഞു കൂടി കിടക്കുന്ന മണ്ണ് നീക്കം ചെയ്ത് പ്രതലത്തിലെ വെള്ളം സുഗമമായി ഓടയിൽ എത്തിക്കുന്നതിനുള്ള സംവിധാനം ഒരുക്കുക. |

| | | | |
|---|---|---|---|
| | | | f. റോഡിന്റെ വശങ്ങളിലെ കാട്ടുകളും, മറ്റ് കുറ്റിച്ചെടികളും നീക്കം ചെയ്ത് വാഹനഗതാഗതത്തിന് വേണ്ടുന്ന Sight Distance ഉറപ്പാക്കി അപകട വിമുക്തമാക്കുക.<br><br>**കെട്ടിട വിഭാഗം**<br><br>മഴക്കാല പൂർവ്വ ശുചീകരണങ്ങളുടെ ഭാഗമായി പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിന്റെ അസെറ്റിൽ ഉൾപ്പെട്ടിട്ടുള്ള സ്ഥലങ്ങളിലെ കാട്ടുകൾ വൃത്തിയാക്കുകയും, കെട്ടിടങ്ങളുടെ ടെറസുകളും റൂഫുകളും വൃത്തിയാക്കുകയും കൂടാതെ കെട്ടിടങ്ങളുടെ ചോർച്ച മാറ്റുന്നതിനും സമീപത്തുള്ള ഓടകൾ വൃത്തിയാക്കുന്നതുമായ പ്രവർത്തനങ്ങൾ, റണ്ണിംഗ് മെയിന്റനൻസ് കോൺട്രാക്ട് പ്രവൃത്തികളിലുൾപ്പെടുത്തി അപകടകരമായി നിൽക്കുന്ന മരങ്ങളുടെ ശിഖരങ്ങൾ മുറിയ്ക്കൽ, മേൽക്കൂര ശുചീകരണം, കോമ്പൗണ്ടിനുള്ളിലെ ഓട വൃത്തിയാക്കൽ, പരിസരം വൃത്തിയാക്കൽ എന്നീ പ്രവൃത്തികൾ നടത്തി വരുന്നുണ്ട്. |
| (ഡി) | നാഷണൽ ഹൈവേ നിർമ്മാണത്തിന്റെ ഭാഗമായുള്ള ഓടകളുടെ നിർമ്മാണം അശാസ്ത്രീയമാണെന്നും ഇതുമൂലം മഴക്കാലത്ത് പല മേഖലകളിലും വെള്ളക്കെട്ടുകൾ രൂപപ്പെടുന്നതായും ഉള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;എങ്കിൽ ഇവ പരിഹരിക്കുന്നതിനായി എന്തെല്ലാം അടിയന്തര നടപടികൾ സ്വീകരിക്കുമെന്നറിയിക്കാമോ? | (ഡി) | ദേശീയപാത അതോറിറ്റിയുമായി ബന്ധപ്പെട്ട് നടക്കുന്ന പ്രവൃത്തികളിൽ ലഭിക്കുന്ന പരാതികൾ യഥാസമയം NHAI യ്ക്ക് കൈമാറുകയും പരാതി സംബന്ധിച്ച കാര്യങ്ങളിൽ വ്യക്തത വരുത്തുകയും ചെയ്യുന്നുണ്ട്. റോഡ് സുരക്ഷിതമാക്കുന്നതിനും ഗതാഗതം സുഗമമാക്കുന്നതിനും ആവശ്യമായ കാര്യങ്ങൾ യഥാസമയം ചെയ്യുന്നതിന് NHAIയ്ക്ക് നിർദ്ദേശങ്ങൾ നൽകാറുണ്ട്. |

സെക്ഷൻ ഓഫീസർ